ഉറപ്പു നൽകുകയാണ്. വയനാട്ടിലെ കൃഷിക്കാരുടെ ബുദ്ധിമുട്ടിൽ ഈ ഗവൺമെന്റിന് അനുകമ്പയുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന എല്ലാ സഹായങ്ങളും നൽകും. അവിടത്തെ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളണം എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അങ്ങനെ എഴുതിത്തള്ളണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യമായ ധനസഹായം നൽകണം. അതിനുവേണ്ടി ഞങ്ങൾ കേന്ദ്രത്തിലേക്കു പോകും. പാക്കേജുമായിട്ടാണ് ഞങ്ങൾ പോകുന്നത്. കേന്ദ്രത്തിൽ നിന്നും കിട്ടുന്ന തുകയുടെ അടിസ്ഥാനത്തിൽ പാക്കേജിനു ഞങ്ങൾ രൂപം കൊടുക്കും. അതു ഞങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. വീണ്ടും ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യങ്ങൾക്കൊന്നും പ്രത്യേകം മറുപടി പറയുന്നില്ല. എന്റെ റൂൾ 300 അനുസരിച്ചിട്ടുള്ള പ്രസ്താവനയിൽ അതു പറഞ്ഞിട്ടുണ്ട്. വയനാട്ടിലെ മാത്രമല്ല, കേരളമൊട്ടാകെയുള്ള ആദിവാസികൾക്കു ഭൂമി കൊടുത്തത് ഈ ഗവൺമെന്റാണ്. വയനാട്ടിൽ 564 കുടുംബങ്ങൾക്ക് 1895 ഏക്കർ ഭൂമി ഈ ഗവൺമെന്റ് പതിച്ചു കൊടുത്തിട്ടുണ്ട്. അതുപോലെ കഴിഞ്ഞ രണ്ടു വർഷക്കാലം വയനാട്ടിൽ സൗജന്യറേഷൻ നൽകുന്നതിനുവേണ്ടി 65 ലക്ഷം രൂപ കൊടുത്തു. ഈ വർഷം അവിടെ സൗജന്യറേഷനുവേണ്ടി രണ്ടു കോടി തൊണ്ണൂറു ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. പച്ച ഇഞ്ചിക്കൃഷിക്കാരുടെ ടാക്സിനെ സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചാവേളയിൽ ഒരു പ്രസ്താവന നടത്തിയതാണ്. അതിനെപ്പറ്റി ഒരു സംശയവും ഇനി ബാക്കിയില്ല. 1977-നുമുമ്പ് വനഭൂമി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരാളിനേയും ഒഴിപ്പിക്കില്ല. വയനാട്ടിൽ വികസന വർഷമായി ആചരിക്കാൻ പോകുന്നു എന്നു പറഞ്ഞു. ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു വിരോധവുമില്ല. 2005-06-ൽ കേരളപ്പിറവിയുടെ 50-ാം വാർഷികം വരികയാണ്. കേരളമൊട്ടാകെ നമുക്കു വേണമെങ്കിൽ ആഘോഷിക്കാം. വയനാട്ടിൽ മാത്രം വേണമെങ്കിൽ അങ്ങനേയും ആഘോഷിക്കാം. അതിനൊന്നും ഒരു ബുദ്ധിമുട്ടുമില്ല. ശ്രീ. എം. വി. ജയരാജൻ ആറു വിഷയങ്ങളാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചത്. റൂൾ അനുസരിച്ച് അതു ശരിയല്ല. ഒരു വിഷയം മാത്രമേ ഒരു സബ്മിഷനു പാടുള്ളൂ. പക്ഷേ ശ്രീ. എം. വി. ജയരാജൻ ആയതുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്.

(4) വർക്കലയിൽ അർബൻ വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. വർക്കല കഹാർ: സർ, വർക്കലയിലെ ജനങ്ങളും വിനോദസഞ്ചാരികളും തീർത്ഥാടകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ പരിഹാരത്തിനായി ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, 1993-ൽ രൂപം കൊണ്ട അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ കമ്മീഷൻ അനിശ്ചിതമായി നീണ്ടുപോകുകയാണ്. ഈ സർക്കാർ വന്നതിനുശേഷമാണ് ഈ സ്കീമിന് ഒരു ശാപമോക്ഷം കിട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly

നാലഞ്ചു റിവ്യൂ മീറ്റിംഗുകൾ ഇതിനുവേണ്ടി ബഹുമാന്യനായ മന്ത്രി നടത്തുകയുണ്ടായി. പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുവേണ്ടി നിരവധി തവണ തീയതികൾ മാറ്റി മാറ്റി പറഞ്ഞതു കാരണം ഇപ്പോൾ നാട്ടുകാരോടു പദ്ധതിയുടെ പൂർത്തീകരണത്തെക്കുറിച്ചു പറയാനാവാത്ത സ്ഥിതിയാണുള്ളത്. ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചതാണ് തകരാറുകൾക്ക് കാരണവും പണി നീണ്ടുപോകാനുള്ള കാരണവുമെന്നാണ് നാട്ടുകാരുടെ ഇടയിലുള്ള സംസാരം.. ഈ സ്കീം കമ്മീഷൻ ചെയ്യുന്നതിന് 2003 മാർച്ച്, ആഗസ്റ്റ്, നവംബർ എന്നീ മാസങ്ങളിലായി പല തീയതികൾ പല സമയത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഈ സ്കീമിന്റെ അവശേഷിക്കുന്ന പണി ഉടൻ പൂർത്തിയാക്കി, സ്കീം കമ്മീഷൻ ചെയ്യാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. പൈപ്പ്ലൈൻ വലിക്കാത്ത നിരവധി സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ആ പ്രദേശങ്ങളിലെ ജനങ്ങളിൽ രോഷവും പരാതിയും ഉണ്ടാകും. ലൈൻ വലിക്കാത്ത സ്ഥലങ്ങളിൽ ലൈൻ വലിക്കാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. 1993-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവാദം കൊടുത്ത ഒരു സ്കീമാണ്. അത് നിർഭാഗ്യവശാൽ ആ സ്കീമിന്റെ പ്രവൃത്തികൾ നീണ്ടുപോകുകയാണുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. വർക്കല കഹാറിന്റെ നിർബന്ധപ്രകാരം ഞാൻ നാലഞ്ചു പ്രാവശ്യം ഈ പ്രോജക്ടിനെ സംബന്ധിച്ച് റിവ്യൂ നടത്തി. ഇപ്പോൾ അതിന്റെ ജോലികൾ അവസാന സ്റ്റേജിലാണ്. റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്ന ഒരു ജോലി മാത്രമേ ഇനി തീർക്കാനുള്ളൂ. ബാക്കി എല്ലാ പണിയും തീർത്തുകഴിഞ്ഞിട്ടുണ്ട്. 1-4-2004 മുതലാണ് ട്രയൽ റൺ ആരംഭിച്ചത്. അപ്പോഴുണ്ടായ അറ്റകുറ്റപ്പണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസം ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്താം. ഉദ്ഘാടനം കഴിഞ്ഞ് ആളുകൾക്ക് വെള്ളം കിട്ടാതിരുന്നാൽ എം.എൽ.എ.-ക്ക് കൂടുതൽ ക്ഷീണം ഉണ്ടാകും. അങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് എല്ലാ പണികളും കഴിഞ്ഞിട്ടും ഇത്രയും കമ്മീഷൻ ചെയ്യാമെന്ന് തീരുമാനിച്ചത്. ഇതുവരെ 877.04 ലക്ഷം രൂപ ഈ പ്രോജക്ടിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

(5) എയ്ഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ആവശ്യങ്ങൾ

ശ്രീ. ടി. കെ. ബാലൻ: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിലേയും സ്കൂളുകളിലേയും ഏകദേശം മുപ്പത്തി അയ്യായിരത്തോളം വരുന്ന നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ജോലി സ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും ഇന്ന് അപകടത്തിലായിരി

LIBRARY ARCHIVES Kerala Legislative Assembly